1. 0-3 വയസ്സുവരെയുള്ള കുട്ടികളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ രംഗത്തെ വിദഗ്ധരടങ്ങിയ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റിയുടെ പരിശോധനയിൽ സർജറി ചെയ്താൽ ഗുണകരമാകുമെന്ന് വിലയിരുത്തുന്ന പരമാവധി 5 വയസ്സുവരെയുള്ള കുട്ടികൾക്കും പദ്ധതി ആനുകൂല്യം അനുവദിക്കുന്നു.

2. കുടുംബത്തിന്റെ വാർഷിക വരുമാനം 2 ലക്ഷം രൂപ വരെ മാത്രമേ പാടുള്ളൂ.

3. കേരളത്തിലുള്ള കുട്ടികളായിരിക്കണം.

4. ശ്രുതിതരംഗം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിലെ വിദഗ്ധർ കുട്ടികളെ കോക്ലിയർ ഇംപ്ലാന്റേഷന് ശിപാർശ ചെയ്യുവരായിരിക്കണം. കുട്ടിക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയയുടെ വിജയത്തെ ബാധിക്കുന്ന വൈദ്യശാസ്ത്രപരമായ മറ്റു പോരായ്മകൾ ഉണ്ടാകുവാൻ പാടുള്ളതല്ല.

5. കുട്ടിയുടെ രക്ഷിതാക്കൾ ഓപ്പറേഷന് ശേഷമുള്ള പരിചരണത്തിനും സ്പീച്ച് തെറാപ്പിക്കുമുള്ള പരിശീലനപരിപാടികളിൽ പങ്കെടുക്കാനും രണ്ട് വർഷം നീണ്ടുനിൽക്കുന്ന തുടർ ചികിത്സയായ ആഡിയോ വെർബൽ ഹാബിലിറ്റേഷൻ നൽകാനും സന്നദ്ധതയുള്ളവരായിരിക്കണം.

പദ്ധതി ആനുകൂല്യത്തിനർഹതയുള്ള അപേക്ഷകൾ ലഭിച്ചാലുടൻ പരിശോധനയ്ക്കും തെരഞ്ഞെടുക്കുന്നതിനുമായി സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റി മുൻപാകെ സമർപ്പിക്കുകയും പ്രസ്തുത കമ്മിറ്റി തെരഞ്ഞെടുക്കുന്ന കുട്ടികൾക്ക് ശ്രുതിതരംഗം പദ്ധതിയുടെ ആനുകൂല്യം എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളിലൂടെ ലഭ്യമാക്കുകയും ചെയ്യുന്നു.

ടി പദ്ധതിയുടെ നടത്തിപ്പിനും അവലോകനത്തിനുമായി സർക്കാർ തലത്തിൽ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയും എംപവേർഡ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

മുതിർന്ന പൗരന്മാരുടെയും മാതാപിതാക്കളുടെയും സംരക്ഷണ-ക്ഷേമ നിയമം

234 (3074) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി നിലവിൽവന്ന മുതിർന്ന പൗരന്മാരുടെയും മാതാപിതാക്കളുടെയും സംരക്ഷണ-ക്ഷേമ നിയമം നടപ്പാക്കുന്നതിൽ സംസ്ഥാനം പരാജയപ്പെടുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉദ്യോഗസ്ഥരായ മക്കളാൽ ഉപേക്ഷിക്കപ്പെട്ട് വൃദ്ധസദനങ്ങളിൽ അഭയം തേടുന്ന മാതാപിതാക്കളുടെ ശവദാഹംപോലും ഏറ്റെടുക്കാൻ മടികാണിക്കുന്ന വ്യക്തികളെ സംബന്ധിച്ച വാർത്തകളും റിപ്പോർട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത നിയമ പ്രകാരം കഴിഞ്ഞ ആറുമാസത്തിനുള്ളിൽ ഇത്തരം എത്ര കേസുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് പ്രത്യേക പരിഗണന നൽകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) മാതാപിതാക്കളുടെയും മുതിർന്ന പൗരൻമാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമ പ്രകാരം സാമൂഹികനീതി വകുപ്പിൽ നിന്ന് നേരിട്ട് നടപടികൾ സ്വീകരിച്ചിട്ടില്ല. പരാതികൾ ലഭ്യമാകുന്ന കേസുകളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ മെയിന്റനൻസ് ഓഫീസർമാരായ ജില്ലാ സാമൂഹികനീതി ഓഫീസർമാർക്ക് നിർദ്ദേശം നൽകാറുണ്ട്.

(ഡി) നിയമം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം വ്യാപകമായ ബോധവൽക്കരണ പരിപാടികളും വയോജന ദിനത്തോടനുബന്ധിച്ച് ക്ലാസ്സുകളും സംഘടിപ്പിക്കാറുണ്ട്. കൂടാതെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി 'തണലേകിയവർക്ക് തണലാകാം' തുടങ്ങിയ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. എഫ്.എം. റേഡിയോ വഴിയും നിയമത്തെക്കുറിച്ച് പരസ്യപരിപാടികൾ നൽകുന്നുണ്ട്. നിയമം നടപ്പിലാക്കുന്നതിലുള്ള പോരായ്മകളെപ്പറ്റി പഠനം നടത്തുകയും പോരായ്മകൾ ദൂരീകരിക്കുവാൻ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

അംഗൻവാടി ജീവനക്കാർക്ക് പെൻഷൻ

235 (3075) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ച് പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ നല്കുന്നതിനും ആരോഗ്യ സുരക്ഷാ പദ്ധതികൾ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly